(എ) എൻ.സി.ഡി.സി സംസ്ഥാനത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള തുക പോലും സംസ്ഥാനത്തിന് ഉപയോഗിക്കുവാൻ സാധിക്കുന്നില്ല എന്ന എൻ.സി.ഡി.സി.മാനേജിംഗ് ഡയറക്ടറുടെ തിരുവനന്തപുരത്ത് നടത്തിയ പ്രസ്താവന ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ആ കുറവ് നികത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) മറ്റു സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നതിൽ കൂടുതൽ തുക എൻ.സി.ഡി.സി യിൽ നിന്ന് വാങ്ങുമ്പോൾ കേരളത്തിൽ പ്രസ്തുത തുക കുറയുന്നതിന്റെ കാരണങ്ങൾ കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കുവാനും എന്തെങ്കിലും സംവിധാനം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉണ്ടാക്കുവാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൻ.സി.ഡി.സി നീക്കി വച്ചിട്ടുള്ള തുകയേക്കാൾ കൂടുതൽ സംസ്ഥാനത്തിന് ലഭ്യമാക്കാൻ കഴിയുന്നുണ്ട്. 1998-99 ൽ സംസ്ഥാനത്തിന് 33.52 കോടി രൂപയാണ് എൻ.സി.ഡി.സി നീക്കി വച്ചിരുന്നത്. എന്നാൽ 47.26 കോടി രൂപ ആ വർഷം ലഭ്യമാക്കാൻ കഴിഞ്ഞു. ഇതിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് നൽകാൻ എൻ.സിഡി.സി 15.77 കോടി രൂപയാണ് വച്ചിരുന്നത്. എന്നാൽ 29.47 കോടി രൂപ ഈയിനത്തിൽ ലഭ്യമായി. എൻ.സി.ഡി.സി.യിൽ നിന്ന് ഏറ്റവും കൂടുതൽ ധനസഹായം ലഭ്യമാക്കിയ സംസ്ഥാനങ്ങളിൽ കേരളത്തിന് മൂന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞു. ഈ വർഷം സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായമായി 25.72 കോടി രൂപയാണ് എൻ.സി.ഡിസി. വക കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഏകദേശം 40.00 കോടി രൂപയെങ്കിലും ഈയിനത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എൻ.സി.ഡി.സി. നീക്കിവയ്ക്കുന്നതിനേക്കാൾ കൂടുതൽ തുക വാങ്ങുന്നതിന് സംസ്ഥാനത്തിന് കഴിയുന്നുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എൻ.സി.ഡി.സി.യുടെ ആഭിമുഖ്യത്തിലും സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലും അവലോകന യോഗങ്ങൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്താറുണ്ട്.

സിനിമാ തിയേറ്ററുകളിലെ വൈദ്യുതി ഉപയോഗം

95 (260) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷനതിർത്തിയിലെ ഏതൊക്കെ തിയേറ്ററുകളിൽ വൈദ്യുതി ബോർഡ് വൈദ്യുതി നൽകുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ തിയേറ്ററിലും എ.സി. പ്രവർത്തനമുൾപ്പെടെ പ്രതിദിനം നാല് ഷോ നടത്തുവാൻ എത്ര അളവു വീതം വൈദ്യുതി വേണമെന്ന് തിയേറ്റർ തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തിയേറ്ററുകളിലോരോന്നിലും പ്രതിദിനം എ.സി. പ്രവർത്തിപ്പിച്ചു കൊണ്ട് ഷോ നടത്തിയാൽ പ്രതിമാസം എന്തു തുകയ്ക്കുള്ള എത്ര അളവ് വൈദ്യുതി ഉപയോഗിക്കണമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത തിയേറ്ററുകളിലെ കഴിഞ്ഞ നാലു മാസത്തെ വൈദ്യുതി ചാർജ്ജ് എത്ര വീതമാണെന്ന് തിയേറ്റർ തിരിച്ചും മാസം തിരിച്ചും വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

പശ്ചിമ ബംഗാളിൽ നിന്നും വൈദ്യുതി

96 (261) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എപ്പോഴെങ്കിലും പശ്ചിമബംഗാളിൽ നിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകാലം വാങ്ങിയിട്ടുണ്ട്; എത്ര യൂണിറ്റ് വാങ്ങിയിട്ടുണ്ട്;

(ബി) ഈ വൈദ്യുതിക്ക് എന്തു തുക നൽകിയിട്ടുണ്ട്; ഈ ഇടപാടിൽ നഷ്ടമുണ്ടായിട്ടുണ്ടോ;

(സി) പശ്ചിമ ബംഗാളിൽ നിന്നും വൈദ്യുതി വാങ്ങുന്ന സമയത്ത് ആ സംസ്ഥാനം വൈദ്യുതി ഉല്പാദനത്തിൽ മിച്ച സംസ്ഥാനമായിരുന്നോ;

(ഡി) മറ്റൊരു സംസ്ഥാനത്തിൽ നിന്നും വൈദ്യുതി വാങ്ങാൻ തീരുമാനമെടുത്തത് ഏത് തലത്തിലായിരുന്നു;

(ഇ) ഈ തീരുമാനമെടുക്കുമ്പോൾ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയെക്കുറിച്ച് പരിശോധിച്ചിരുന്നു; ഇക്കാര്യത്തിന് ഏതെല്ലാം സംസ്ഥാനങ്ങളെ സമീപിച്ചിരുന്നു; അതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ) കിഴക്കൻ മേഖലയിൽ നിന്നും 1-2-98 മുതൽ 15-7-1998 വരെ വൈദ്യുതി വാങ്ങിയിരുന്നു. 328 ദശലക്ഷം യൂണിറ്റാണ് വാങ്ങിയത്.

(ബി) കിഴക്കൻ മേഖലയിൽ നിന്നും വാങ്ങിയ വൈദ്യുതിക്ക് പ്രസരണ ചെലവുൾപ്പെടെ 98.84 കോടി രൂപ നൽകിയിട്ടുണ്ട്. ഈ ഇടപാടിൽ നഷ്ടമുണ്ടായിട്ടുണ്ട്.

† അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly